LIBRARY ARCHIVES Kerala Legislative Assembly

കടിവെള്ള പദ്ധതി

21 (*80) ശ്രീ. പി. എ. മാധവൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കടിവെള്ള ലഭ്യത ഉറപ്പു വരുത്താനും ഗുണനിലവാരം മെച്ചപ്പെടുത്തുവാനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ് ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ചെറുതും വലുതുമായ 1247 പദ്ധതികളിലൂടെയാണ് ഇപ്പോൾ കുടിവെള്ളം നൽകിവരുന്നത്. കൂടുതൽ ജനങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി ഇപ്പോൾ നടപ്പിലാക്കി വരുന്ന ചെറുതും വലുതുമായ 276 പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ വിവിധ തലങ്ങളിലായി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തിലൂടെ നടപ്പിലാക്കാനായി പുതിയ പദ്ധതികൾക്കായി 471.281 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇപ്പോൾ 44 നദികളിൽ 126 സ്ഥലങ്ങളിൽ മാസംതോറും ജലസാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനകൾ നടത്തി വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കുടിവെള്ള ശുദ്ധീകരണശാലകൾ സ്ഥാപിച്ച് ജലം

ശുദ്ധീകരിച്ച് അണുവിമുക്തമാക്കുന്നുണ്ട്. ഇങ്ങനെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ ജല സാമ്പിളുകൾ ശേഖരിച്ച് ജല അതോറിറ്റിയുടെ പരിശോധനാ ലാബുകളിൽ പരിശോധിച്ചാണ് ഗുണനിലവാരം ഉറപ്പുവരുത്തുന്നത്. ശുദ്ധീകരണ ശാലകൾ ഇല്ലാത്ത പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയ ജലമാണ് ജനങ്ങൾക്ക് വിതരണം ചെയ്യുന്നത്. ജലനിധി രണ്ടാംഘട്ടത്തിൽ സംസ്ഥാനത്ത് ബാച്ച് I-ൽ 20 ഗ്രാമപഞ്ചായത്തുകളിലും, ബാച്ച് 2-ൽ 63 പഞ്ചായത്തുകളിലും 12 മൾട്ടി ഗ്രാമപഞ്ചായത്തുകളിലുമായി കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ആവശ്യമായ അളവിൽ എല്ലായ്പോഴും ലഭ്യമാക്കുകയാണ് ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്. ശാസ്ത്രീയമായ രീതിയിൽ ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയ ജലം പദ്ധതി പ്രദേശങ്ങളിൽ ആവശ്യമായ അളവിൽ വിതരണം ചെയ്യുകയാണ് ഈ പദ്ധതിയുടെ സവിശേഷത. ജലസംരക്ഷണവും ഭൂഗർഭ ജലപരിപോഷണവും ആണ് ജലനിധി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഇതിനായി ജലനിധി പഞ്ചായത്തുകളിൽ ജലസുരക്ഷാ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയാണ്. ജലനിധി കിണറുകളിൽ പോയിന്റ് റീചാർജ്ജ്, റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ്, ചെറുകിട തടയണകൾ, ഗാബിയോൺ സ്ട്രക്ച്ചർ, റേഡിയൽ ആം, നീർക്കുഴികൾ, ഓട, സബ്-സർഫസ് ഡൈക് എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കാവുന്നതാണ്. പാഴായിപ്പോകുന്ന മഴ വെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസുകളെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ ബൾക്ക് വാട്ടർ സപ്ലൈയും ജലനിധി സ്രോതസ്സായി ഉപയോഗിക്കുന്നു.

(സി) സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, നബാർഡ്, ജിക്ക, ലോക ബാങ്ക് എന്നിവരുടെ ധനസഹായത്തോടെയാണ് ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നത്. ഇതിനു പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പദ്ധതിയുമായി സഹകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ 276 പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതിനു പുറമെ ഹെഡ് ഓഫീസിൽ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ ഓഫീസർമാർ പ്രോജക്ട് അലർട്ട് സിസ്റ്റം (PASK) സംവിധാനത്തിലൂടെയും വീഡിയോ കോൺഫറൻസിംഗിലൂടെയും പദ്ധതികളുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി മിഷൻ 676-ൽ ഉൾപ്പെടുത്തി കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ജലനിധി ഒരു ആവശ്യാധിഷ്ഠിത പദ്ധതി ആയതിനാൽ പഞ്ചായത്തുകൾ ഈ പദ്ധതി ആവശ്യപ്പെടുകയും അതിനായി പഞ്ചായത്തുതന്നെ സഹായ സംഘടനകളെ തിരഞ്ഞെടുക്കുകയും ഈ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഗുണഭോക്താക്കളെ കണ്ടെത്തുകയും കടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുകയും അതിന്റെ പ്രവർത്തനത്തിനുള്ള തുക സ്വരൂപിക്കുകയും ചെയ്യുന്നു. സഹായ സംഘടനയുടെ ടെക്നിക്കൽ സ്റ്റാഫ്, സർവ്വേ നടത്തുകയും സ്രോതസ്സിനുള്ള സ്ഥലം കണ്ടെത്തുകയും ചെയ്യുന്നു. സഹായ സംഘടനയുടെ എഞ്ചിനീയർമാരും ജലനിധിയുടെ എഞ്ചിനീയർമാരും ചേർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പഞ്ചായത്തിന് ഭരണാനുമതി നൽകുകയും ചെയ്യുന്നു. കെ.ആർ.ഡബ്യു.എസ്.എ.-യുടെ സാങ്കേതിക കാനുമതിയോടെ പദ്ധതി പൂർത്തിയാക്കുന്നു. പദ്ധതി ആവിഷ്കരിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സഹായ സംഘടനയുടെ എഞ്ചിനീയർമാരും ജലനിധിയുടെ എഞ്ചിനീയർമാരും ചേർന്ന് ഉചിതമായ ഭൂജല പരിപോഷണ നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുകയും റീജിയണൽ ഓഫീസിൽ നിന്നും സാങ്കേതികാനുമതി നൽകുകയും ചെയ്യുന്നു.

ശബരിമല തീർത്ഥാടകർക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ

22 (*81) ശ്രീ. സാജു പോൾ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടകരുടെ സുഗമമായ യാത്രയ്ക്കും ദർശനത്തിനും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി ഈ വർഷം ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly